(സി) നിലവാരമുള്ള പ്രതലവും, റോഡ് മാർക്കിംഗുകൾ, സുരക്ഷാ ബോർഡുകൾ, ഓടകൾ, പാർശ്വഭിത്തികൾ എന്നീ സൗകര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു.

(ഡി) സംസ്ഥാനത്ത് പദ്ധതിയിനത്തിൽ പുതിയ റോഡ് നിർമ്മാണം ഏറ്റെടുത്ത് നടത്തുമ്പോൾ പരമാവധി പദ്ധതികളിലും ഇത്തരത്തിൽ BM & BC സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽകാലം നിലനിൽക്കത്തക്ക രീതിയാണ് അവലംബിച്ചിട്ടുള്ളത്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകൾ

330(3255) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് ;

(ബി) ഓരോ പ്രവർത്തിക്കും എത്ര തുകയുടെ ഭരണാനുമതി ലഭിച്ചെന്നും ഓരോ പ്രവർത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(സി) 2011 മേയ് മാസത്തിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക ചെലവഴിച്ചുണ്ടെന്നും വ്യക്തമാക്കുമോ ; ഓരോ പ്രവർത്തിക്കും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പ്രത്യേകം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം

331(3256) ശ്രീ. വി. ശശി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കുമോ ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആയതിന് എത്ര തുക നീക്കിവച്ചിട്ടുണ്ട് ;

(ഡി) ഇതിൽ ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിന് എത്ര തുക നീക്കിവെച്ചിട്ടുണ്ട് ;

(ഇ) ഭൂമി അക്വയർ ചെയ്യൽ നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഡി) ദേശീയപാത വികസന പദ്ധതിയിൽപ്പെട്ട എൻ.എച്ച്-47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ ആറ്റിങ്ങൽ ബൈപ്പാസും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഈ ഭാഗത്തെ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. ഈ തീരുമാനം പുനഃപരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ദേശീയ പാത-47-ലെ ഓച്ചിറ മുതൽ കഴക്കൂട്ടം വരെ നാലുവരിപ്പാതയാക്കുന്നതിനുള്ള സ്ഥലമെടുപ്പിനുള്ള വിജ്ഞാപനത്തിൽ ആറ്റിങ്ങൽ ബൈപ്പാസും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇതുസംബന്ധിച്ച വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ട അവസ്ഥയാണ്. മാത്രമല്ല, ദേശീയപാത അതോറിറ്റി ഈ വികസന പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുമുണ്ട്.

വെച്ചൂച്ചിറ മണ്ണുടിശ്ശാല പോളിടെക്നിക്ക് കെട്ടിടം

332(3257) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെച്ചൂച്ചിറ മണ്ണുടിശ്ശാലയിൽ നിർമ്മിക്കുന്ന പോളീടെക്നിക് കെട്ടിടം പണി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(ബി) കെട്ടിടം പണി പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly